**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 2464** 05.02.2018- ൽ മറുപടിയ്ക്ക്

## സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സംവിധാനം

**ചോദ്യം**

**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**

പ്രാദേശിക കാർഷിക വായ്പ സംഘങ്ങളിലും അർബൻ സഹകരണ സംഘങ്ങളിലും കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**

(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

ഉണ്ട്. ഏകദേശം 35% പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും (PACS) 45 അർബൻ സഹകരണ ബാങ്കുകളിലും കോർ ബാങ്കിംഗ് നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിനുമായി 25 കോടി രൂപാ ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**